കേരളീയം

# പെൻഷൻ പ്രായം ഉയർത്തുന്നത് സാമൂഹ്യദ്രോഹമാണ്

കേരളത്തിലെ സംസ്ഥാന ജീവനക്കാരുടെ സംഘടനകൾ പെൻഷൻപ്രായം ഉയർത്താനുള്ള ആവശ്യത്തിന് മുഖ്യപരിഗണന നൽകിക്കൊണ്ട്, സർക്കാരിനെക്കൊണ്ട് അത് അംഗീകരിപ്പിക്കാനുള്ള പ്രേരണ ചെലുത്തിവരികയാണ്.

അതതു മാസം ജീവനക്കാർക്ക് ശമ്പളം നൽകാനുള്ള പണംപോലും കണ്ടെത്താൻ ബുദ്ധിമുട്ടുന്ന സർക്കാരിന്റെ ഇന്നത്തെ അവസ്ഥയിൽ, പെൻഷൻപ്രായം രണ്ടോ മൂന്നോ വർഷം ഉയർത്തുക എന്നത് സാമ്പത്തികഗുണമുണ്ടാക്കുന്ന ഒരു നടപടിയാണ്. ജീവനക്കാരേക്കാൾ സർക്കാരിനാണ് പെൻഷൻപ്രായം ഉയർത്തുന്ന കാര്യത്തിൽ താല്പര്യം എന്നതാണ് ശരി. തൊഴിലില്ലാത്ത യുവജനങ്ങളെ പേടിച്ചുമാത്രമാണ് സർക്കാർ അനങ്ങാതിരിക്കുന്നത്.

കേരളത്തിൽ 6 ലക്ഷത്തോളം സർക്കാർ ജീവനക്കാരുണ്ട്, അവരിൽ മൂന്നിലൊന്ന് അദ്ധ്യാപകരാണ്. മൊത്തം ജീവനക്കാരിൽ നാലു ശതമാനത്തോളം പേർ ഓരോ വർഷവും റിട്ടയറാകുന്നുണ്ട്. അതായത് പ്രതിവർഷം 25,000 പേർ വീതം ചുരുങ്ങിയത്. ഒരാൾ റിട്ടയർ ചെയ്യുമ്പോൾ ഒരുമിച്ച സർക്കാർ നൽകേണ്ട തുക ശരാശരി രണ്ടു ലക്ഷം രൂപ എന്നുകൂട്ടിയാൽ തന്നെ 500 കോടി രൂപ ഒരു വർഷം സർക്കാർ ഉണ്ടാക്കേണ്ടതുണ്ട്. പെൻഷൻപ്രായം ഉയർത്തുമ്പോൾ, പെൻഷൻപ്രായത്തിൽ എത്രവർഷത്തെ വ്യത്യാസമാണോ വരുത്തുന്നത് അത്രയും വർഷത്തേയ്ക്ക്, ഈ തുക സർക്കാരിനു കണ്ടെത്തേണ്ട. അതാണ് സർക്കാരിന്റെ നേട്ടം. ഈ സാമ്പത്തികനേട്ടം മാത്രമാണ് സർക്കാർ നോക്കുന്നത്.

പക്ഷെ, തൊഴിൽരഹിതരനായി; ഡി.വൈ.എഫ്.ഐ.യും എ.ഐ.എസ്.എഫും യൂത്ത്കോൺഗ്രസ്സും യുവമോർച്ചയും കളിച്ചുനടന്ന കാലത്ത് സർക്കാർ ജീവനക്കാരേയും അവരുടെ ജനദ്രോഹരീതികളേയും സ്വാർത്ഥചിന്തകളേയും തെറിപറഞ്ഞു കാർക്കിച്ചുതുപ്പിനടന്ന അതേ ചെറുപ്പക്കാർ തന്നെ സർക്കാർ ജോലികിട്ടി എ.ജി.ഒ. യൂണിയനിലും അസോസിയേഷനിലും സംഘിലും ജോയിന്റ് കൗൺസിലും മെമ്പറായി, പ്രമാണിയായി, ഒറ്റ രാത്രികൊണ്ട് തകിടം മറിഞ്ഞ്, പെൻഷൻപ്രായം കൂട്ടാനുള്ള ഭീമഹരജിയും സമരവുമായി നടക്കുമ്പോൾ - അവൻ സമൂഹദ്രോഹിയാണെന്നു പറയാതെ വയ്യ.

അഞ്ചു ചോദ്യങ്ങൾ

ഒരാൾ പെൻഷൻ പറ്റുമ്പോൾ, പെൻഷൻ പറ്റുന്നയാൾക്ക് മാസം തോറും പെൻഷനും, പുതിയൊരു ചെറുപ്പക്കാരന്/കാരിക്ക് സർക്കാർ ജോലിയും ലഭിക്കുകയാണ് ചെയ്യുന്നത്. സാമൂഹ്യ സാമ്പത്തികശാസ്ത്രമനുസരിച്ച് പതിനായിരം രൂപ സ്ഥിരവരുമാനമുള്ള ഒരാളേക്കാൾ 2500 രൂപ സ്ഥിരവരുമാനമുള്ള നാലുപേരുണ്ടാകുന്നതാണ് സമൂഹത്തിന്റെ സാമ്പത്തിക വികസനത്തിന് നല്ലത്. അതുകൊണ്ട്, പെൻഷൻപ്രായം ഉയർത്തുന്നത് സാമൂഹ്യദ്രോഹമാണ്. അല്ലെന്നു പറയാമോ?

പെൻഷൻപ്രായം ഉയർത്തുമ്പോൾ സർക്കാരിനുണ്ടാകുന്ന സാമ്പത്തികനേട്ടം വിവിധ തൊഴിലുൽപ്പാദന മേഖലകളിലേയ്ക്ക് വിനിയോഗിച്ച് അവിടെ ചെറുപ്പക്കാർക്ക് തൊഴിൽ നൽകാമല്ലോ എന്നാണ് സർക്കാരുദ്യോഗസ്ഥരുടെ മുട്ടുന്യായം. അതു തിരിച്ചായാൽ പോരേ? അതായത്, 55 വയസ്സാകുമ്പോൾ എല്ലാ പ്രമാണിമാരേയും സർക്കാർ സർവ്വീസിൽ നിന്നൊഴിവാക്കുക. റിട്ടയറാകുമ്പോൾ ലഭിക്കുന്ന ആനുകൂല്യങ്ങൾ (പെൻഷനൊഴികെ) ഒന്നും അപ്പോൾ നൽകരുത്. അത് 60 വയസ്സാകുമ്പോൾ നൽകിയാൽ മതി. അങ്ങിനെ സർക്കാരിനുണ്ടാകുന്ന സാമ്പത്തികനേട്ടം വിവിധ തൊഴിൽസംരംഭങ്ങളിൽ വിനിയോഗിച്ച് അവിടെ സർക്കാർ സർവ്വീസിൽ നിന്നു നീക്കിയ 55 വയസ്സുകാരെ 5 വർഷത്തേയ്ക്ക് നിയമിക്കുക. 60 വയസ്സാകുമ്പോൾ റിട്ടയർമെന്റ് ആനുകൂല്യങ്ങളും നൽകി വിട്ടയക്കുക. തൊഴിൽരഹിതരോട് ഈ വ്യവസ്ഥ അംഗീകരിക്കാൻ പറയുന്ന ഉദ്യോഗസ്ഥപ്രമാണിമാർ സ്വയം ഈ വ്യവസ്ഥ അംഗീകരിക്കാൻ തയ്യാറാണോ? ഇല്ലെങ്കിൽ എന്തുകൊണ്ട്?

റിട്ടയറായാൽ ലഭിക്കുന്ന സാമ്പത്തികാനുകൂല്യങ്ങൾ ബാങ്കിലിട്ടാൽ ലഭിക്കുന്ന പലിശയും പെൻഷൻതുകയും ചേർത്താൽ സർവ്വീസിലുണ്ടെങ്കിൽ ലഭിക്കുന്ന ശമ്പളത്തിന് തുല്യമായൊരു തുക വരും. എന്നിട്ടും പെൻഷൻപ്രായം നീട്ടാൻ പറയുന്നത് - ശമ്പളത്തിനപ്പുറത്ത്, കിമ്പളം വാങ്ങാനുള്ള അവസരം നീട്ടിക്കിട്ടാനുള്ള താല്പര്യം കൊണ്ടുമാത്രമല്ലേ?

55 വയസ്സിൽ റിട്ടയറാകുന്ന പലർക്കും മുഴുവൻ പെൻഷൻ കിട്ടാനുള്ളത്ര കാലം സർവ്വീസിലിരിക്കാനാവുന്നില്ല എന്നതാണ് പെൻഷൻപ്രായം കൂട്ടാൻ കാരണമായി പറയുന്നതെങ്കിൽ, ഫുൾപെൻഷൻ ലഭിക്കാൻ വേണമെന്നു പറയുന്ന സർവ്വീസ് കാലയളവ് കുറയ്ക്കാൻ ആവശ്യപ്പെട്ടാലും മതിയല്ലോ. അക്കാര്യം മിണ്ടാതെ പെൻഷൻപ്രായം കൂട്ടുക മാത്രമാണ് പോംവഴി എന്നു പറയുന്നതെന്തുകൊണ്ട്?

പെൻഷൻപ്രായം ഉയർത്തണമെന്ന മുദ്രാവാക്യം ശക്തമായി ഉയർത്തുന്നത് കൈക്കൂലി വാങ്ങുന്ന ഉദ്യോഗസ്ഥന്മാരാണെന്നത് ശരിയല്ലേ? അതിന്റെ അർത്ഥമെന്താണ്?